12.05 PM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട ഒരു റോഡാണ് 24 കിലോമീറ്റർ ദൈർഘ്യമുള്ള ആയൂർ-ഇത്തിക്കര റോഡ്. ഇതിൽ ഇലവുംമൂട് മുതൽ ഓയൂർ വരെയുള്ള റോഡ് ബി.എം. & ബി.സി. രീതിയിൽ നവീകരിക്കുന്നതിനായി 13.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകാനുള്ള പ്രൊപ്പോസലുണ്ട്. ഇതിന്റെ ആദ്യഘട്ടം ബി.എം. & ബി.സി. ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഘട്ടം ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി കൊടുക്കാനുള്ള നടപടി സ്വീകരിക്കും. ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലം നിർമ്മാണത്തിന് നബാർഡിൽനിന്നും ഭരണാനുമതി നൽകി ക്കഴിഞ്ഞിരിക്കുകയാണ്. ഇത് സംബന്ധിച്ച് ടി. എസ്. കമ്മിറ്റി പരിഗണി ക്കുകയും പാലത്തിന്റെ കോൺക്രീറ്റിംഗിന്റെ മിക്സ് ഡിസൈനിൽ മാറ്റം വരുത്തി സാങ്കേതികാനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മിക്സ് ഡിസൈനിൽ ആവശ്യമായ മാറ്റം ചീഫ് എഞ്ചിനീയറിൽ (ഡിസൈൻ) നിന്നും വാങ്ങി രണ്ട് ദിവസത്തിനുള്ളിൽ ടി.എസ്. നൽകുന്നതാണ്.

22. പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

12.06 PM]

ശ്രീ. കെ. കെ. നാരായണൻ: സർ, കണ്ണൂർ-കുത്തുപറമ്പ് റോഡിൽ, പ്രത്യേകിച്ച് മലയോര ഹൈവേയിൽ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് മമ്പറം പാലം. അതിന്റെ ഒരു ഭാഗം അടർന്നുവീണ് പാലം അപകടത്തിലാണെന്നു കണ്ടെത്തി പുതിയ പാലം പണിയാൻ 5 വർഷം മുമ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തറക്കല്ലിട്ട് പണിയാരംഭിച്ചു. അതുപോലെ വേങ്ങാട് പഞ്ചായത്തും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ചേരുന്ന മണക്കായിക്കടവ് പാലത്തിന്റെയും പണിയാരംഭിച്ചു. രണ്ട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെ സ്ഥലം ഏറ്റെടുത്തില്ല എന്ന കാരണംപറഞ്ഞ് രണ്ട് വർഷം മുമ്പ് പണി നിർത്തിവച്ചിരിക്കുകയാണ്. പിന്നീട് ഈ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളൊന്നും നടക്കുന്നില്ല. ഏറ്റവും അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന ഈ പാലങ്ങൾ പൂർത്തിയാക്കി പണിയാൻ യാതൊരു നടപടിയും പിന്നീട് സ്വീകരിക്കുന്നതായി കാണുന്നില്ല. ഇതുസംബന്ധിച്ച് നാട്ടിൽ വലിയ ആക്ഷേപം ഉയർന്നുവരികയാണ്. അതുകൊണ്ട് ഈ രണ്ട് പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12.07 PM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ധർമ്മടം മണ്ഡലത്തിലെ മമ്പറം പാലം നിർമ്മാണത്തിന് നബാർഡ്-XVI പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി കിട്ടാത്തതുകൊണ്ട് തുടർനടപടി സ്വീകരിക്കാൻ സാധിച്ചില്ല. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി കൊടുക്കുന്നതാണ്. മണക്കായിക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ ഭരണാനുമതി നൽകുകയും 13-12-2011-ൽ പ്രവൃത്തി ആരംഭിച്ച് മണക്കായി ഭാഗത്തെ ഒരു അബെട്ട്മെന്റ് പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ മട്ടന്നൂർ ഭാഗത്തെ അബെട്ട്മെന്റ് നിർമ്മാണത്തിന് മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നൽകാമെന്ന് സമ്മതിച്ചിരുന്ന ഭൂമി ലഭ്യമാകാത്തതിനാൽ കരാറുകാരന് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. 12-3-2014-ൽ ഈ പ്രവൃത്തിയിൽനിന്നും കരാറുകാരനെ നിരുപാധികം ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ മട്ടന്നൂർ മുനിസിപ്പാലിറ്റി പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം കൈമാറിയിട്ടുണ്ട്. അതിനാൽ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് പഴയ പ്രവൃത്തിയുടെ അതേ നിരക്കിൽ തയ്യാറാക്കിയ അടങ്കലിന് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിക്കഴിഞ്ഞു. പ്രസ്തുത പ്രവൃത്തി ഒരാഴ്ചയ്ക്കുള്ളിൽ ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കാവുന്നതാണ്.

23. പാലങ്ങളുടെ പുനർനിർമ്മാണം

12.07 PM]

ശ്രീ. സി. കെ. നാണു: സർ, വടകര-കൊയിലാണ്ടി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഴയ എൻ.എച്ച്.-ലെ മൂരാട് പാലം വളരെ പഴക്കം ചെന്നതാണ്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്തുള്ള പ്രസ്തുത പാലത്തിന്റെ കാലാവധി കഴിഞ്ഞിട്ട് വർഷങ്ങളായി. ഈ പാലത്തിലൂടെയാണ് കണ്ടെയ്നർ ലോറികൾ പോകുന്നത്. സ്ഥലം എടുത്തിട്ടുണ്ട്, അവിടെ അപകടങ്ങൾക്കുള്ള സാധ്യതയുമുണ്ട്. ആ പാലം പുതുക്കി പണിയാനാവശ്യമായ നടപടി ആരംഭിക്കണം.

ആ റോഡ് കഴിഞ്ഞ് വടക്കോട്ട് വരുമ്പോൾ എൻ.എച്ച്. 47-ലാണ് പാലോളി പാലവും കരിമ്പന പാലവും. അവയും ഒരു കിലോമീറ്ററിനകത്തുള്ളതാണ്. നാഷണൽ ഹൈവേയിലെ ഈ രണ്ട് പാലത്തിന്റെയും ഇരുസൈഡിലേയും കൈവരികൾ തകർന്ന് പലപ്പോഴും രാത്രിയിൽ വരുന്ന ലോറികൾ അപകടത്തിൽപ്പെട്ട് പല

LIBRARY ARCHIVES Kerala Legislative Assembly